Daily: Malayalamanorama.
Date: 24/08/2023.
Subject:
Page: 05.

# മികച്ച 10 കണ്ടുപിടിത്തത്തിൽ ഇടംനേടി ടോക് എച്ചിന്റെ 'ഡീമീറ്റർ'

കളമശേരി • സാംസങ് ഇന്ത്യയും മിനിസ്ട്രി ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ഹബ്ബും ഫൗണ്ടേഷൻ ഫോർ ഇന്നവേഷൻ ആൻഡ് ടെക്നോളജി ട്രാൻസ്ഫറും ചേർന്ന് ഡൽഹി ഐഐടിയിൽ നടത്തിയ മത്സരത്തിൽ ഇടം നേടി ടോക് എച്ചിന്റെ 'ഡിമീറ്റർ' ഡ്രോൺ.

ആധുനിക കൃഷി രംഗത്ത് നൂതന സാങ്കേതികവിദ്യയാണ് ടോക് എച്ചിന്റെ ഈ ഡ്രോൺ. 50,000 അപേക്ഷകളിൽ നിന്നു മികച്ച 30 ടീമുകളെ കണ്ടെത്തുകയും 5 ദിവസത്തെ സൈറ്റ് വിസിറ്റും തുടർന്നു നടന്ന ബൂട്ട്ക്യാംപിലെ പരിശീലനത്തിനും ശേഷം നടന്ന മത്സരത്തിന്റെ അടുത്തഘട്ടത്തിലാണ് ടോക് എച്ച് എൻജിനീയറിങ് കോളജിലെ റോബട്ടിക്സ് ആൻഡ് ഓട്ടമേഷൻ വിദ്യാർഥികളായ പൃഥ്വി ഉല്ലാസ്, അഷ്ഫിൻ അഫ്താബ്, അബ്ദുൽ റഹ്മാൻ ജസ്ബീർ എന്നിവർ ചേർന്നു വികസിപ്പിച്ചെടുത്ത ഡിമീറ്റർ ഡ്രോണിന് ആദ്യ പത്തിൽ സ്ഥാനം ലഭിച്ചത്. വിശാലമായ കൃഷിയിടങ്ങളിൽ പറന്നെത്തി വിളകളുടെ രോഗനിർണയം, പരിശോധന, ആവശ്യമായ കീടനാശിനികൾ തളിക്കൽ എന്നിവ വേഗത്തിലും കൃത്യതയോടെ കൂടിയും ചെയ്യുന്ന ഡ്രോൺ ആണ് ഡിമീറ്റർ.